# ഹാപ്പി വോയ്സ്

സന്തോഷ ധ്വനി

VOL.23 FEBRUARY NO.2





RN.NO.70681\97. POSTAL.L.NO. G.KCH.118 /2009- 2011


## Pray ... Pray ...Pray

# വി.ബി.എസ്

സ്ഥലം:

ഡാക്കോർ ഡോൺ ബോസ്ക്കോ സ്കൂൾ

(ഖേഡാ ജില്ല,ഗുജറാത്ത്)

തീയതി:

മെയ് 2,3,4 .2011

പ്രത്യേകത

500- ലധികം കുഞ്ഞുങ്ങൾ സംബന്ധിക്കന്നു.

3 ഗ്രാമങ്ങളിൽ രാത്രിയോഗങ്ങൾ.

സംഘാടകർ:

ഗുജറാത്ത് ബ്രദറൺ ബൈബിൾ ഇൻസ്റ്റിററ്യൂട്ട്

&

വനോട്ടി ബ്രദറൺ അസംബ്ളി(ഖേഡ)

ലീഡേർസ്:

കേരളത്തിൽ നിന്നും കേരളത്തിനു പുറത്തുമുള്ള സഹോദരൻമാർ വി.ബി.എസിനു നേതൃത്വം കൊടുക്കും.

(കൂടുതൽ വിവരങ്ങൾ അടുത്ത ലക്കത്തിൽ)




Edited, Printed, Published & Owned by Simon Payyanur,
Plot.No.147,Sector.7, Gandhidham Ph:226951.
Printed at Pavanam Offset, Gandhidham. 225125
Type Set & Lay Out EBENEZER GRAPHICS. Gandhidham224763.

VOL.23. *Happy Voice -* സന്തോഷ ധ്വനി 2011 NO.2

പത്രാധിപര്‍ എഴുതുന്നു;-

# ഭീഷണി വേണ്ട

ചില ആഴ്ചകള്‍ക്കു മുമ്പ് മദ്ധ്യതിരുവിതാംകൂറിലെ ഒരു പ്രധാന സ്ഥലത്തുനിന്ന് ഒരു ദൂതന്‍ മുഖാന്തരം ഈ ലേഖകന് ഒരു ഭീഷണി ദൂത് ലഭിച്ചു.(തത്ക്കാലം വ്യക്തിയുടെയും സ്ഥലത്തിന്റെയും പേര് വെക്കുന്നില്ല). ''ബ്രദര്‍. ജോണ്‍ കുര്യനെക്കുറിച്ചോ ദിശയെക്കുറിച്ചോ ഇനി ഹാപ്പി വോയ്സില്‍ എഴുതിയാല്‍ ഗുജറാത്തില്‍ ചെന്ന് പത്രാധിപരെ വകവരുത്തുവാന്‍ ഞങ്ങള്‍ക്ക് ആളുകള്‍ ഉണ്ട് ''എന്നാണ് ഭീഷണി. ബ്രദര്‍. ജോണ്‍കുര്യന്റെ പേരും പറഞ്ഞ് ചില വ്യക്തികള്‍ നടത്തിയ ഈ വധഭീഷണിയില്‍ ബ്രദര്‍.ജോണ്‍ കുര്യന് യാതൊരു പങ്കുമില്ലായെന്നത് പകല്‍ പോലെ സത്യമാണ്. അങ്ങനെയാണ് ഞങ്ങള്‍ കരുതുന്നതും.

ബ്രദറണ്‍ സഭകളില്‍ കൊട്ടേഷന്‍ സംഘങ്ങളും, ഗുണ്ടകളും, കഞ്ചാവു വില്പനക്കാരും, ബ്രദറുകാരുടേതല്ലാത്ത പണം പററുന്നവരും മററും മററും ഉണ്ടെന്ന് ഈ അടുത്ത സമയത്ത് നമ്മുടെയിടയിലെ ചില ആനുകാലികങ്ങളില്‍ വായിക്കയുണ്ടായി. അതിനെ ശരിവെക്കുന്ന രീതിയിലുള്ളതായിരുന്നു ഈ ലേഖകന്റെ നേരെയുള്ള വധഭീഷണി എന്ന മുന്നറിയിപ്പ്.

എന്നെ വകവരുത്തുമെന്നു പറഞ്ഞ ബഹുമാന്യ വ്യക്തികളോട് പറയുവാനുള്ളത്, നിങ്ങള്‍ കഷ്ടപ്പെട്ട് ഗുജറാത്ത്‌വരെ വരേണ്ട, സ്ഥലവും സമയവും പറഞ്ഞാല്‍ ഈ ലേഖകന്‍ നേരിട്ട് നിങ്ങളുടെ അടുക്കലേക്ക് വരാം. അതല്ലേ കുറച്ചുകൂടി നല്ലത്. ഭീഷണി കേട്ടാല്‍ മാളത്തില്‍ ഒളിക്കുന്നവനല്ല ഈ ലേഖകന്‍. സത്യത്തിനും നീതിക്കും മാനവജാതിയുടെ രക്ഷയ്ക്കുവേണ്ടിയും ക്രൂശുമരണം സഹിച്ച യേശുകര്‍ത്താവിന്റെ ഒരു പടയാളിയാണ് ഈയുള്ളവന്‍. കൊല്ലക്കുടിലില്‍ സൂചി വില്ക്കുവാന്‍ വരരുത് എന്ന ചൊല്ല് ഓര്‍ത്തിരിക്കുന്നത് ദിശാബോധം തെററിയവര്‍ക്ക് നല്ലത്. ഇല്ലായെങ്കില്‍ ബ്രദറണ്‍ സഭയ്ക്ക് പാരലായി പ്രവര്‍ത്തിച്ചുവരുന്ന നിങ്ങളുടെ പ്രവര്‍ത്തനങ്ങളില്‍ നടന്നതും നടക്കുന്നതും അതില്‍ സംബന്ധിക്കുന്ന പലരുടെയും കാര്യങ്ങള്‍ ഞങ്ങള്‍ വെളിപ്പെടുത്തിയാല്‍ ആത്മിക ഗോളത്തിലും ഭൗതിക ഗോളത്തിലും തലയില്‍ മുണ്ടിട്ട് നടക്കേണ്ടതായി വരും. പകരത്തിനു പകരം ആത്മിയമല്ലാത്തതിനാലും, ഇതിനപ്പുറമായി ഒരു മറുപടിപറയുവാന്‍ ഞങ്ങളുടെ സംസ്ക്കാരം അനുവദിക്കാത്തതിനാലും ഈ ഭീഷണിയും എഷണിയും ഒക്കെ ഞങ്ങള്‍ ചവററു കൊട്ടയിലേക്കുഎറിയുന്നു.



ബ്രദര്‍.ജോണ്‍കുര്യനെപോലുള്ളവര്‍ ഈ മാഫിയാ സംഘത്തിന്റെ പിടിയിലായതില്‍ ഞങ്ങള്‍ അത്ഭുതം കൊള്ളുകയാണ്. ബ്രദര്‍.ജോണ്‍ കുര്യനെപ്പോലുള്ളവരുടെപേരുകള്‍ ഇങ്ങനെയുള്ള വിഷയങ്ങളില്‍ പരാമര്‍ശിക്കപ്പെടുന്നത് ദുഃഖകരമാണ്. ബ്രദറണ്‍ സഭയ്ക്ക് പ്രയോജനപ്പെടേണ്ട ജോണ്‍ കുര്യന്‍ ഈ അനാത്മിക കോക്കസിന്റെ പിടിയിലകപ്പെട്ട് മററുള്ളവരുടെ മുമ്പില്‍ അപഹാസ്യനാകുന്നത് ഖേദകരംതന്നെ. ജോണ്‍ കുര്യന്‍ ഈ വിഷയം ചിന്തിക്കണം. ബ്രദറണ്‍ സഭയ്ക്ക് പാരലലായി പ്രവര്‍ത്തിക്കുന്ന ഈ ഗ്രൂപ്പുമായുള്ള ബന്ധം അവസാനിപ്പിച്ച് ബ്രദറണ്‍ സഭയുടെ ശുശ്രൂഷാ സ്റേറജുകളില്‍ പഴയതുപോലെ സജീവമാകണമെന്നതാണ് ഞങ്ങളുടെ ആഗ്രഹം. ഇല്ലായെങ്കില്‍ കരിമ്പടകെട്ടേല്‍ പിടിച്ചവന്റെ സ്ഥിതിയാകും. ലക്ഷണം കണ്ടിട്ട് ഇപ്പോള്‍ അങ്ങനെയാണ് ബ്രദര്‍.ജോണ്‍ കുര്യന്റെ അവസ്ഥ എന്നു പറയേണ്ടിയിരിക്കുന്നു.

ഭീഷണിയും എഷണിയും ആത്മിയരുടെ ലക്ഷണമല്ല. ഭീഷണി ഭീരുത്വത്തിന്റെ ലക്ഷണവും എഷണി പൈശാചികവുമാണ്. ക്രിസ്തീയ മാദ്ധ്യമങ്ങള്‍ വചനത്തിന്റെ കാവല്‍ക്കാരായിരിക്കണം. സമൂഹത്തിലെ പുഴുക്കുത്തുകളെ ഇല്ലാതാക്കുക എന്നതാണ് പത്രധര്‍മ്മം. പഥ്യോപദേശത്തിനു വിപരീതമായി വരുന്ന ഏതു പ്രവര്‍ത്തനങ്ങളെയും നഖശിഖാന്തം എതിര്‍ക്കുവാനുള്ള ചങ്കൂററം പത്രങ്ങള്‍ക്കും നടത്തിപ്പുകാര്‍ക്കും ഉണ്ടായിരിക്കണം.ആശയങ്ങളെ ആശയങ്ങളുമായാണ് നേരിടേണ്ടത്. അതാണ് പുരുഷ ലക്ഷണം. അല്ലാതെ എഷണികൊണ്ടും ഭീഷണി കൊണ്ടുമല്ല. തൂലികയുടെ മുന ഒടിക്കുവാന്‍ ആരൊക്കെ എപ്പോഴൊക്കെ ശ്രമിച്ചിട്ടുണ്ടോ അവിടെയൊക്കെ പരാജയമാണുണ്ടായിട്ടുള്ളത് എന്നത് ചരിത്ര സത്യം മാത്രം. ദിശയുടെ നടത്തിപ്പുകാരും അതു മനസ്സിലാക്കിയാല്‍ നന്ന്.

ബ്രദറണ്‍ സഭയ്ക്ക് പാരലായി ഈ ഹൈടെക് വിശുദ്ധന്‍മാര്‍ പ്രവര്‍ത്തിക്കാന്‍ തുടങ്ങിയിട്ട് വര്‍ഷങ്ങള്‍ പലതായി. ഇവര്‍ ഉള്‍പ്പെട്ടു നില്ക്കുന്ന സഭകളിലെ നട്ടെല്ലില്ലാത്ത മൂപ്പന്‍മാര്‍ ആണ് ഇവരുടെ വളര്‍ച്ചയ്ക്ക് പിന്നില്‍.മണിപവ്വറും മസ്സില്‍ പൗവ്വറും കാണിച്ചുകൊണ്ട് സഭാംഗങ്ങളായി കഴിയുന്ന ഇത്തര ഈയാംപാററകളുടെ ചിറകരിയുവാന്‍ തന്റേടമില്ലാത്തവരും ഇവരുടെ പിന്നില്‍ ഓശാന പാടുന്നവരുമാണ് ഇവരുടെ വിജയ രഹസ്യം. ദൈവജനം ജാഗ്രതൈ.

ഭീഷണി വേണ്ട. കര്‍ത്താവിനുവേണ്ടി ശരിക്കും മര്‍ദ്ദനം ഏററിട്ടുള്ളവനാണ് ഈ ലഖകന്‍. സത്യവും മാന്യതയും വെടിഞ്ഞ് ആയുഷ്ക്കാലം മുഴുവന്‍ മററുള്ളവരുടെ പുറകെ ശുനകനായി നടക്കുന്നതിലും ഭേദം ഒരു ദിവസമെങ്കിലും സിംഹമായി കര്‍ത്താവിനുവേണ്ടി ജീവിച്ച് മരിക്കണമെന്നതാണ് ഈയുള്ളവന്റെ ആഗ്രഹം. അതിനാല്‍ ഭീഷണി വേണ്ട. **(SP)**

# ആരാണ് വേർപാടുകാർ

P.P.Simon - Thrissur

സാക്ഷാൽ ദൈവത്തെ വിശ്വസിക്കയും യേശുക്രിസ്തുവിനെ സ്വന്ത കർത്താവും രക്ഷിതാവുമായി അംഗീകരിച്ച് ജീവിതം നയിക്കയും ചെയ്യുന്നവരാണ് വേർപാടുകാർ. അവരെയാണ് ആരംഭത്തിൽ ബ്രദറുകാർ എന്നറിയപ്പെട്ടിരുന്നത്. ഇന്ന് ക്രിസ്തീയ സമൂഹത്തിൽ ആരാണ് വേർപാടുകാരെന്നും ഏതാണ് സാക്ഷാൽ വേർപാടുകാരുടെ സഭയെന്നും തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥ വന്നിരിക്കുന്നു. വേർപെട്ടവർ ആരെന്നു മനസ്സിലാക്കുവാൻ നമുക്കു തിരുവചനത്തിലേക്കു കണ്ണോടിക്കാം.

കർത്താവ് പറഞ്ഞത് ശ്രദ്ധിക്കുക.'' ഞാൻ ലൗകികനല്ലാത്തതുപോലെ അവരും ലൗകികൻമാരല്ല''(യോഹ 17:16). കർത്താവ് ലൗകികനല്ലാത്തതുപോലെ ഓരോ ക്രിസ്തു വിശ്വാസികളും ലൗകികനല്ല. ഒന്നാമത്തെ വേർപാടുകാരൻ നമ്മുടെ കർത്താവ് തന്നെ. പിന്നെ തന്നിൽ മാത്രം വിശ്വാസം അർപ്പിച്ച് അനുസരിക്കുന്നവരും. കർത്താവ് ലോകത്തോടും ലോകക്കാരോടും വേർപ്പെട്ടതുപോലെ നാമും ലോകത്തോടും ലോകക്കാരോടും വേർപ്പെട്ടവരാണ്. പൗലോസും ബർന്നബാസും ഇതേ മാതൃകയാണ് പിന്തുടർന്നത്. അവർ ലുസ്രയിൽ ഒരു മുടന്തനെ സൗഖ്യപ്പെടുത്തിയപ്പോൾ അവിടുത്തെ ജനങ്ങൾ പൗലോസിനും ബർന്നബാസിനും കൊടുക്കുവാൻ ഒരുക്കിയ സ്വീകരണം എത്ര വലിയതായിരുന്നു. അവർ കാളകളെയും പൂമാലകളെയും കൊണ്ടു വന്ന് പുരുഷാരത്തോടെ അവരെ പുകഴ്ത്തി അവർക്കുവേണ്ടി യാഗം കഴിപ്പാൻ ഭാവിച്ചു. പൗലോസും ബർന്നബാസും അവരുടെയിടയിലേക്ക് ഓടിച്ചെന്ന് അവരോട് പറഞ്ഞത്, പുരുഷൻമാരെ നിങ്ങൾ ഈ ചെയ്യുന്നത് എന്ത്. ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനഷ്യർ അത്രേ.(അ.പ്ര.14:8-15). ഇതാണ് വേർപാടുകാരുടെ സ്വഭാവം.

ഒരു കുഷ്ഠരോഗി കർത്താവിനെ നമസ്ക്കരിച്ച് രോഗസൗഖ്യം അപേക്ഷിച്ചപ്പോൾ അവന് സൗഖ്യം കൊടുത്തുകൊണ്ട് കർത്താവ് പറഞ്ഞത് എന്താണ്. നോക്കൂ ആരോടും പറയരുത്.(മത്താ 8:1-4) ഇന്ന് രോഗശാന്തി എന്ന് പരസ്യപ്പെടുത്തി ജനങ്ങളെ കൂട്ടിവരുത്തി ആളുകളെ വഞ്ചിക്കുന്നത് വേർപാടുകാരുടെ മാതൃകയല്ല.



പ്രശംസയ്ക്കും കീർത്തിക്കുംവേണ്ടി രാഷ്ട്രീയക്കാരെയും മന്ത്രിമാരെയും വിളിച്ചു വരുത്തി നീതി പ്രവൃത്തികൾ എന്നപേരിൽ നടത്തുന്ന ദാനധർമ്മങ്ങൾ ഒന്നും വേർപാടുകാരുടെ മാതകയല്ല. വചനം ശ്രദ്ധിക്കുക. മനുഷ്യർ കാണേണ്ടതിന് നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ. അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പക്കൽ നിങ്ങൾക്ക്പ്രതിഫലമില്ല. കർത്താവ് പറഞ്ഞത് വീണ്ടും ശ്രദ്ധിക്കുക. ശിഷ്യൻ ഗുരുവിൻ മീതെയല്ല ദാസൻ യജമാനനു മീതെയുമല്ല. ഗുരുവിനെപ്പോലെയാകുന്നത് ശിഷ്യനു മതി, യജമാനനെപ്പോലെയാകുന്നത് ദാസനും മതി.(മത്താ 10:24-25). തിരുവചന വിരുദ്ധമായി പ്രവർത്തിക്കുന്നവർ വേർപാടുകാരോ ബ്രദറുകാരോ അല്ല. ദൈവവചനമാണ് നമുക്ക് ആധാരം.

വേർപാടുകാർ എന്ന ബ്രദറുകാർ ഇന്ന് ലോകത്തിലേക്ക് ഇറങ്ങി കഴിഞ്ഞിരിക്കയാണ്. ലോക സംഘടനകൾക്കൊപ്പം എത്തുവാൻ അവർ വെമ്പൽ കൊള്ളുന്നു. ഇന്നു നടത്തുന്ന അവാർഡുകൾ, പുരസ്ക്കാരങ്ങൾ എല്ലാം അതിന് ഉദാഹരണങ്ങളാണ്. ക്രിസ്തീയ സാഹിത്യകാരൻമാരെ ആദരിക്കുന്നത് നല്ല കാര്യമായി തോന്നാം. എന്നാൽ ആദരിക്കുന്നവരും ആദരിക്കപ്പെടുന്നവരും ദൈവവചന ലംഘികളായിത്തീരുന്നു. ഇവരെ വേർപാടുകാർ എന്നു കരുതാമോ?

സുവിശേഷപ്രചരണാർത്ഥം സ്വദേശത്തു നിന്നും വിദേശത്തു നിന്നും പണം സമാഹരിക്കുന്നതിൽ നാം തിരുവചന സത്യങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നുണ്ടോ. വ്യക്തികൾക്കും സംഘടനകൾക്കും സുവിശേഷ പ്രവർത്തനങ്ങൾക്കും പണം ലഭിക്കണം. എന്നാൽ പൗലോസ് പറയുന്നത് ശ്രദ്ധിക്കുക. ഞങ്ങൾ രാവും പകലും വേല ചെയ്തുകൊണ്ട് നിങ്ങളോട് ദൈവത്തിന്റെ സുവിശേഷം പ്രസംഗിച്ചു. സ്വന്ത കൈകളാൽ വേല ചെയ്തു അദ്ധ്വാനിക്കുന്നു. ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചുവെന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ. ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കയും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവ് പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത്(അ.പ്ര.20:35). രണ്ടാമത് ആരിൽ നിന്നെല്ലാം സുവിശേഷത്തിന്റെ പേരിൽ പണം ശേഖരിക്കാം എന്ന് നാം ശ്രദ്ധിക്കണം. സഹോദരൻമാരെ നിങ്ങൾ പഠിച്ച ഉപദേശത്തിനു വിപരീതമായി ദ്വന്ദ്വപക്ഷങ്ങളെയും ഇടർച്ച കളെയും ഉണ്ടാക്കുന്നവരെ സൂക്ഷിച്ചുകൊള്ളേണമെന്ന് ഞാൻ നിങ്ങളെ പ്രബോധിപ്പിച്ചിരിക്കുന്നു. അവരോട് അകന്നു മാറുവിൻ.(റോമ 16:17)) വേർപാടുകാരുടെ ഉപദേശം തിരുവചന സത്യം മാത്രമാണെന്നു പറയപ്പെടുന്നു. എന്നാൽ പുറനാട്ടിൽപോയി ഏതു സഭയായാലും അവരോട് ചേർന്ന് ആരാധിച്ച് പണം പിരിച്ചുകൊണ്ടുവരുന്നത് വേർപാടു കാർക്ക് ചേർന്നതാണോ.

➔ 8

# സ്ത്രീ ഭവനത്തിൽ, സഭയിൽ,സമൂഹത്തിൽ

P.J.ANTONY-CALICUT

ഇരുപതാം നൂററാണ്ട് സ്ത്രീ മുന്നേററത്തിന്റെ കാലമായിരുന്നു. സ്ത്രീ അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് വരികയും രാജ്യാന്തര സംഘടനകളിലും ഭരണ നേതൃത്തങ്ങളിലും ഇടം കണ്ടെത്തുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽ അവളുടെ പദവികളെയും അധികാരങ്ങളെയും അവകാശങ്ങളെയും ബൈബിൾ വെളിച്ചത്തിൽ പുനർനിർവ്വചിക്കണം എന്ന ചിന്ത ആത്മിയ നേതാക്കൻമാരിൽപ്പോലും ഉടലെടുക്കുന്നു. ഇതിനെപററി ലഭ്യമായിരിക്കുന്ന ഏററവും പഴയതും ആധികാരികവുമായ രേഖ ബൈബിൾ ആണ്. മതങ്ങളുടെ ഉത്പത്തിക്കു മുമ്പുള്ള രേഖ ബൈബിൾ ആയതിനാൽ അവയുടെ സ്വാധീനം തീണ്ടാത്തത് എന്ന നിലയിൽ ബൈബിൾ പ്രസ്താവനകൾ പരിഗണിക്കപ്പെടേണ്ടതാണ്.

**1.സ്ത്രീയുടെ സൃഷ്ടിയും ഉദ്ദേശ്യവും ഭവനത്തിൽ**

ആണും പെണ്ണുമയി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ(ഉത്പ 1:27) സ്ത്രീയും പുരുഷനും(നരനും നാരിയും) ആയത് സ്ത്രീയുടെ സൃഷ്ടിയോടു കൂടെയാണ്.(ഉത്പ 2:22). ആദമിനു തക്കതുണയും മനുഷ്യർക്കെല്ലാം മാതാവുമായിരിപ്പാൻ ഹവ്വ എന്ന സ്ത്രീയെ സൃഷ്ടിച്ചു.(ഉത്പ 1:28,3:20). എന്നാൽ സ്ത്രീയുടെ പുരുഷനുമായുള്ള സമ്പൂർണ്ണ തുല്യത നഷ്ടപ്പെട്ടത് പിശാചിനാൽ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടതിനാലാണ്.(ഉത് 3:13,1 തിമൊ 2:14).'പുരുഷനാൽ ഭരിക്കപ്പെടുക' എന്ന താഴ്ചയിലേക്ക് അവളെ എത്തിച്ചു.(ഉത്പ 3:16). അങ്ങനെ അവൾ എല്ലാനിലയിലും ബലഹീന പാത്രമായി(1 പത്രോ 3:7))പുരുഷൻ അവളുടെ തലയായി(1കൊ11:3). ഭാര്യമാരെ ഭർത്താക്കൻമാർക്ക് കീഴടങ്ങിയിരിപ്പിനെന്ന് പത്രോസ് കല്പിച്ചിരിക്കുന്നു.(1 പത്രോ 3:1). ഭർത്താവായ അബ്രഹാമിനെ യജമാനനെ എന്നു വിളിച്ച് അനുസരിച്ച സാറയുടെ മക്കളാകണമെങ്കിൽ അവരുടെ ഭർത്താവിനെ സാറയെപോലെ കണക്കാക്കണം.(1 പത്രോ 3:6). ഭാഗ്യവാനായ ഭർത്താവിന്റെ ഭാര്യ മുന്തിരിവള്ളിപോലെ ഭർത്താവാകുന്ന താങ്ങുതടിയിൽ ചുററി ആശ്രയിച്ചു വീടിനകത്ത് പെരുമാറുന്നവളാണ്.(സങ്കീ 128:3). ഭർത്താവിന്റെ വിശ്വാസം ആർജ്ജിച്ചവളും അവന് നൻമ വരുത്തുന്നവളും ആണ്. സാമർത്ഥ്യമുള്ള ഭാര്യയെക്കുറിച്ച് സദൃശ 31:10-12-ൽ വിവരിച്ചിരിക്കുന്നു.



12 വയസ്സുണ്ടായിരുന്ന യായീറോസിന്റെ മരിച്ചുപോയ മകളെ ഉയിർപ്പിച്ചപ്പോൾ അവളുടെ അമ്മയപ്പൻമാർ അല്ലാതെ മററു ബന്ധുക്കളെ ആരെയും യേശു അകത്തു കടക്കുവാൻ സമ്മതിച്ചില്ല. അവളെ സംരക്ഷിക്കേണ്ട ചുമതല മാതാപിതാക്കളെയാണ് ഏല്പിച്ചത്. സ്ത്രീ ബാല്യത്തിൽ മാതാപിതാക്കളെ ആശ്രയിച്ച് അവരുടെ കൈക്കീഴിൽ വളരണമെന്ന് യേശു ഉദ്ദേശിച്ചതിനാലായിരുന്നു അങ്ങനെ ചെയ്തത്. വിവാഹ ശേഷം അവൾ ഭർത്താവിനെ അനുസരിക്കയും ഭർത്താവിന് കീഴ്പ്പെട്ടിരിക്കയും വേണം.(എഫെ 5:22,24) അവൾ ഭർത്താവിനെ ഭയപ്പെടണം.(എഫെ 5:33).

മകളെ ഭർത്താവിന് കൊടുക്കുന്നത് അവളുടെ മാതാപിതാക്കൾ ആയിരിക്കണം. സ്വന്തം ഇഷ്ടത്തിനു തീരുമാനിക്കയല്ല.(ഉല്പ 24:50, 51,29:28). അവൾ മക്കളെ പ്രസവിച്ചു അവരെ ദൈവഭയത്തിൽ വളർത്തണം. അത് അവളുടെ 'ദൈവമകൾ' എന്ന സ്ഥാനത്തെ സ്ഥിരീകരിക്കുന്നതും രക്ഷയെ പ്രായോഗികമാക്കുന്നതും ആണ്. ആ വലിയ ശുശ്രൂഷയ്ക്ക് പ്രതിഫലം ലഭിക്കും.(1 തിമൊ 2:15). അവളുടെ മക്കൾ അവ ളെ ഭാഗ്യവതി എന്നു പുകഴ്ത്തുകയും ഭർത്താവ് പ്രശംസിക്കയും ചെയ്യും (സദ 31:28) സ്ത്രീ ഭവനത്തിൽ എന്നതിന്റെ ഉത്തമ ഉദാഹരണമാണ് സദൃശ്യ 31).

**2. സ്ത്രീ സഭയിൽ.**

സ്ത്രീ എവിടെവെച്ച് പ്രാർത്ഥിക്കുമ്പോഴും തല മൂടിയിരിക്കണം. അതാണ് ദൈവസഭയുടെ മര്യാദ.(1 കൊ 11:13-16). എങ്ങനെയാണോ ദൂതൻമാർ തങ്ങളുടെ യജമാനനായ ദൈവത്തിന്റെ മുമ്പാകെ തന്നെത്താൻ മറച്ച് ആരാധിക്കുന്നുവോ അതുപോലെ സ്ത്രീയുടെ തലയായ പുരുഷന്റെ സാന്നിദ്ധ്യത്തിൽ സ്ത്രീ തലമൂടിവേണം ആരാധിക്കുവാൻ.(1 കൊ 11:3,5,7). അത് അവളുടെ ഭർത്താവിനോടുള്ള അധീനതാ ലക്ഷ്യമാണ്.(1 കൊ 11:11). സഭയിൽ സംസാരിക്കുവാനോ ചോദ്യങ്ങൾ ചോദിക്കു വാനോ അവൾക്ക് അനുവാദമില്ല.(1 കൊ 14:34-36).ഉപദേശിപ്പാനോ പുരുഷന്റെമേൽ ധികാരം നടത്തുവാനോ അനുവാദമില്ല(1 തിമൊ 2:11,12). തുയഥൈര സഭയിലെ പ്രവാചകിയായി നടിച്ച ഇസബേലിനെ ഉപദേശിപ്പാൻ അനുവദിച്ചത് തെററായിരുന്നുവെന്ന് യേശു ശാസിച്ചു.(വെളി 2:20).(തുടരും).

## ജീവിതം

**ജീവിതം ഒരു വെല്ലുവിളിയാണ്-അത് സ്വീകരിക്കുക.**
**ജീവിതം ഒരു വിളക്കാണ്- അത് തെളിയിക്കുക.**
**ജീവിതം ഒരു അവസരമാണ്- അത് പ്രയോജനപ്പെടുത്തുക.**
**ജീവിതം ഒരു യാത്രയാണ്- അത് മനോഹരമാക്കുക.**
**ജീവിതം ഒരു ചെടിയാണ്- അത് പുഷ്പിക്കട്ടെ.**

# വ്യത്യസ്ത പ്രതികരണങ്ങൾ

**Jessy Benson**

കർത്താവ് തന്റെ ഐഹിക ജീവിതകാലത്ത് ചെയ്ത അത്ഭുതങ്ങളോടും അടയാളങ്ങളോടും വ്യത്യസ്ഥ നിലകളിലാണ് ജനം പ്രതികരിച്ചത്. ചിലർ അതിശയിച്ചു., മററു ചിലർ പരിഹസിച്ചു. വേറേ ചിലർ വിശ്വസിച്ചു. ദൈവത്തെ ഭയപ്പെട്ടവരും ദൈവത്തെ മഹത്വപ്പെടുത്തിയവരും ദൈവത്തിൽ ആശ്രയിച്ചവരുമൊക്കെ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. പള്ളി പ്രമാണിയുടെ മകളെ ഉയിർപ്പിപ്പാനായി യേശു എത്തിയപ്പോൾ അവനെ പരിഹസിച്ചവർ അവളെ ഉയിർപ്പിച്ചശേഷം വിസ്മയിച്ചതായി നാം കാണുന്നുണ്ട്.(മർക്കൊ 5:39,42). അപ്രകാരംതന്നെ ഭൂതഗ്രസ്ഥനായ ഊമനെ കർത്താവ് സൗഖ്യമാക്കിയപ്പോൾ പുരുഷാരം അതിശയിച്ചുവെന്നും പരീശൻമാർ, ഭൂതങ്ങളുടെ തലവനെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നുവെന്ന് പരിഹസിച്ചുവെന്നും നാം കാണുന്നു.(മത്താ 9:32-34) ജനം എങ്ങനെ പ്രതികരിച്ചാലും കർത്താവിന്റെ പ്രധാന ലക്ഷ്യം വചനത്തെ ഉറപ്പിക്കുക എന്നതായിരുന്നു.

പഴയനിയമകാലഘട്ടങ്ങളിലും യഹോവയായ ദൈവം യിസ്രായേൽ മക്കൾക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു കണ്ട് ജാതികൾ വിസ്മയിക്കയും പ്രതികരിക്കയും ചെയ്തിട്ടുണ്ട്. ദൈവം യിസ്രായേൽ മക്കളെ ചെങ്കടലിൽ കൂടെ ഉണങ്ങിയ നിലത്തുകുടിയെന്നവണ്ണം കടത്തിക്കൊണ്ടു വരികയും മിസ്രയീമ്യരുടെ കയ്യിൽ നിന്ന് രക്ഷിക്കയും ചെയ്തതു കണ്ടിട്ട് ' ജനം യഹോവയെ ഭയപ്പെട്ട് യഹോവയിലും അവന്റെ ദാസനായ മോശയിലും വിശ്വസിച്ചു'(പുറ 14:31). യിസ്രായേൽ മക്കൾ മോവാബ് സമഭൂമിയിൽ പാളയമിറങ്ങിയിരിക്കുന്നതറിഞ്ഞ് ഭയപ്പെട്ട മോവാബ് രാജാവായ ബാലാക്ക്, അവരെ ശപിക്കുന്നതിനായി ദൈവത്തിന്റെ പ്രവാചകനായ ബിലെയാമിനെത്തന്നെ കൂലിക്കു വണ്ടിയതിന്റെ കാരണവും മററൊന്നല്ല. യോശുവയുടെ കാലത്ത് ഗിബയോൻ നിവാസികൾ ഉപായത്തോടെ വന്ന് യിസ്രായേൽ മക്കളോട് സഖ്യത ചെയ്തതും ദൈവം അവർക്കുവേണ്ടി ചെയ്തുകൊണ്ടിരുന്ന അത്ഭുതങ്ങളോടുള്ള മററൊരു പ്രതികരണമായിരുന്നു.(യോശു 9:3-27).

ഏതു കാലത്തായിരുന്നാലും ദൈവത്തിന്റെ പ്രവർത്തനങ്ങളോട് നാം എങ്ങനെ പ്രതികരിക്കുന്നുവെന്നതു മാത്രമാണ് പ്രസക്തമായ കാര്യം. അത്ഭുതകരമായ വിധത്തിലാണ് ദൈവം നാം ഓരോരുത്തരെയും ഓരോ ദിവസവും വഴി നടത്തുന്നത്. നമ്മുടെ ജീവിതത്തിൽ മാത്രമല്ല,



മററുള്ളവരുടെ ജീവിതത്തിലും നാം അത്ഭുതങ്ങൾ കണ്ടുകൊണ്ടാണിരിക്കുന്നത്. പാപത്തിന്റെ പടുകുഴിയിൽ നിന്നും അനേകർ കർത്താവിന്റെ ക്രൂശിങ്കലേക്കു നോക്കി രക്ഷ പ്രാപിക്കുന്നതും നിരാശപ്പെട്ടിരുന്നവർ പ്രത്യാശയാൽ നിറയപ്പെടുന്നതും ലോകമോഹങ്ങളിലും ഭോഗങ്ങളിലും മുഴുകിയിരുന്നവർ ദൈവവഴിയിലേക്കു തിരിയുന്നതുമൊക്കെ നാം കാണുന്നുണ്ട്. ഒപ്പം പാപം ചെയ്യുന്ന ദൈവജനത്തോട് കാലാകാലങ്ങളിൽ ദൈവം എന്തു ചെയ്തുവെന്നും നാം അറിയുന്നുണ്ട്. എന്നാൽ ഈ വക കാര്യങ്ങളോട് നാം എങ്ങനെയാണ് പ്രതികരിക്കുന്നത്.

ദാവീദ് തന്റെ ജീവിതത്തിലെ അനുഭവങ്ങളെയും അതിനോട് ജനം പ്രതികരിച്ചതിനെയും കുറിച്ചു പാടുന്നുണ്ട്. ദൈവം തന്റെ നിലവിളികേട്ട്, നാശകരമായ കുഴിയിൽ നിന്നും കുഴഞ്ഞ ചേററിൽ നിന്നും കയററി നാവിൽ പുതിയ പാട്ടു നൽകിയതു കണ്ടിട്ട് 'പലരും ഭയപ്പെട്ട് യഹോവയിൽ ആശ്രിക്കുമെന്നാണ് പറയുന്നത്.(സങ്കീ 40:1-3). തിരുവചനത്തിൽ നിന്നും നാം വായിക്കുന്ന ദൈവത്തിന്റെ അത്ഭുതങ്ങളോടും ശിക്ഷാവിധികളോടും മാത്രമല്ല, അനുദിന ജീവിതത്തിൽ നാം കാണുകയും കേൾക്കുകയും ചെയ്യുന്ന സംഭവങ്ങലോടും നാം എപ്രകാരമാണ് പ്രതികരിക്കുന്നത്. വെറുതെ വിസ്മയിക്കുകയോ അതിശയിക്കുകയോ അഭിപ്രായം പറയുകയോ ചെയ്തിട്ട് കാര്യമില്ല. ദൈവത്തിൽ കൂടുതൽ ആശ്രയിക്കുവാൻ അവനെ ഭയപ്പെടുവാൻ മഹത്വപ്പെടുത്തുവാൻ സമയം ക്രമീകരിക്കുവാൻ നമുക്കു ഇടയാകണം. ഓരോ സംഭവങ്ങളും ഒരു ചുവടുകൂടെ ദൈവസന്നിധിയിലേക്കു അടുക്കുവാൻ ഇടവരുത്തണം. ശിശു സഹജമായ കൗതുകത്തോടെ ഓരോന്നും വീക്ഷിക്കുവാനും ദൈവത്തിൽ ആശ്രയിക്കു വാനും കഴിയണം.

---

**ആരാണ് വേർപാടുകാർ... തുടർച്ച**

അകന്നു മാറുവാൻ ഉപദേശിക്കുന്ന വചനം ഇവർക്ക് ബാധകമല്ലേ.ഇത്തരത്തിലുള്ള വിശ്വാസികളും അവരാൽ നടത്തപ്പെടുന്ന സഭകളും വേർപാടുസഭകളാണോ.ചിന്തിക്കുക. ലഭിക്കുന്ന പണംകൊണ്ട് സ്വന്ത പ്രശംസയ്ക്കുവേണ്ടിയാണെങ്കിലും ചിലരെല്ലാം ദാനധർമ്മങ്ങൾ നടത്തുന്നതായി കേൾക്കുന്നുണ്ട്. എന്നാൽ എത്ര ലഭിച്ചാലും അതെല്ലാം പിൻതലമുറകൾക്കുവേണ്ടി സ്വരൂപിച്ചുവെക്കുന്നവരെപ്പററി എന്തുതോ ന്നുന്നു. അവരും ബ്രദറുകാർ തന്നെ. ഹാ കഷ്ടം തന്നെ. അവർക്കെല്ലാം വിശ്വാസികളുടെ മദ്ധ്യത്തിൽ മുഖ്യസ്ഥാനവും.

ശാസ്ത്രിമാരോടും പരീശൻമാരോടും പറഞ്ഞ വാക്കുകൾ ആയിരിക്കും കർത്താവ് ഇന്നത്തെ ബ്രദറുകാരോടും പറയുക. 'നിങ്ങൾക്കു ഹാ കഷ്ടം, വെള്ള തേച്ച ശവക്കറകളോട് നിങ്ങൾ ഒത്തിരിക്കുന്നു.''. പ്രിയ ദൈവജനമേ, നമുക്കു ദൈവവചനത്തിലേക്കു മടങ്ങി വരാം.

# സർദ്ദീസിലെ സഭ

P.P.Varghese-Punalur

എ.ഡി.1520 മുതൽ 1750 വരെയുള്ള കാലയളവ്. ഈ വാക്കിന്റെയർത്ഥം നവീകരണം(പുതുക്കം) ജീവനുള്ളത് എന്നർത്ഥമുണ്ടെങ്കിലും 'മരിച്ചവൻ' എന്ന ദൂതിൽ പറയുന്നു. കാരണം ആചാരാനുഷ്ഠാനങ്ങൾ മാത്രമുള്ള ഒരു സഭ. ദൈവഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിച്ചു കളയുന്നസഭ. ആയതുകൊണ്ട് ഈ സർദ്ദീസ് നവീകരണത്തെ കാണിക്കുന്നു. എ.ഡി.500-ൽ ആരംഭിച്ച പാപ്പായുടെ ലൗകികാധിപത്യത്തിന്റെ ഏററവും ശക്തി പ്രാപിച്ച സമയത്താണ് 'മാർട്ടിൻ ലൂഥർ' നവീകരണ പ്രസ്ഥാനവുമായി രംഗത്തു വന്നത്. 1517 ഒക്ടോബർ 31-ാം തീയതി ജർമ്മനിയിലുള്ള 'വിററൽ ബർഗ്' പള്ളിവാതുക്കൽ അന്നത്തെ റോമൻ മതാചാരത്തിന് എതിരായി 95 സംഗതികൾ എഴുതി പതിച്ചു. ഈ ബഹളത്തെതുടർന്ന് പാപ്പാ മതക്കാർ അടച്ചുവെച്ചിരുന്ന വേദപുസ്തകം തുറന്നു കൊടുത്തതു കൂടാതെ വിശ്വാസത്താലുള്ള നീതീകരണം ഉപദേശസത്യമായി സ്വീകരിക്കപ്പെടുകയും ചെയ്തു. മാത്രമല്ല ആഡംബര രഹിതമായ ഒരു ആരാധനാ രീതിയും നടപ്പാക്കി. എന്നാൽ മാർട്ടിൻ ലൂഥറോടു ചേർന്നു നിന്ന മതനേതാക്കൾ എല്ലാ വിഷയങ്ങളിലും അഭിപ്രായത്തിനും യോജിപ്പില്ലാതെ നവീകരണ സഭകൾ പല കക്ഷികളായി പിരിഞ്ഞതുകൊണ്ട് നവീകരണ പ്രസ്ഥാനത്തിൽ കൂടി ഉദ്ദേശിച്ച നിലയിൽ സഭയുടെ പൂർണ്ണ ശുദ്ധീകരണം നടക്കാതെ പോയി. എങ്കിലും ചില ഭാഗം മാത്രം ശുദ്ധീകരിക്കപ്പെടുകയും അവർ സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിക്കുവാൻ കൂടിവരികയും ചെയ്തു. എന്നാൽ നവീകരണ പ്രസ്ഥാനത്തിനുവേണ്ടി പ്രവർത്തിച്ച പല നേതാക്കൾക്കും വചന പ്രകാരമുള്ള ശുദ്ധീകരണമോ, ക്രിസ്തുവിന്റെ രണ്ടാംവരവിനായുള്ള കാത്തിരിപ്പോ ആയിരുന്നില്ലാ ലക്ഷ്യം. അല്പമായ ചില വ്യത്യാസങ്ങൾ പട്ടത്വവാഴ്ചയിൽ വരുത്തിയെന്നല്ലാതെ വീണ്ടും വിവിധ നാമങ്ങളിൽ പട്ടത്വ വാഴ്ച തുടരുകയായിരുന്നു. ഇന്നും ഇക്കൂട്ടർ വിശ്വസത്താലുള്ള രക്ഷയാകട്ടെ,മാനസാന്തരം,വീണ്ടും ജനനം,സ്നാനം,വിശുദ്ധ ജീവി തം, ആത്മികാരാധന വീണ്ടും വരവിനെക്കുറിച്ചുള്ള പ്രത്യാശ ഇവയൊന്നുമല്ലാതെ വെറും നാമധേയ ക്രിസ്ത്യാനികളായി കഴിയുന്നുവെന്നു മാത്രം.

Read...Subscribe...Happy Voice



# കണ്ടതും...കേട്ടതും

◆ കുമ്പനാട് സഭയിൽ സുവിശേഷകനായിരിപ്പാൻ യോഗ്യനായ ഒരു വ്യക്തിയും ഇന്ന് നമ്മുടെയിടയിലില്ല. (ഒരു മൂപ്പന്റെ വാമൊഴി).

ക്രേത്തർ സർവ്വദാ അസത്യവാദികളും ദുഷ്ടജന്തുക്കളും മടിയൻമാരായ പെരുവയറൻമാരും അത്രെ എന്ന് അവരിൽ ഒരുവൻ, അവരുടെ ഒരു വിദ്വാൻതന്നെ പറഞ്ഞിരിക്കുന്നു.

◆ നമ്മുടെയിടയിൽ പ്രസ്ഥാനം നടത്തുന്ന ഒരു സുവിശേഷകൻ 'സ്ഥല കച്ചവട' ബിസിനസും നടത്തുന്നുപോലും!!!

അച്ചാർ വില്പനയെക്കാളും പശുവളർത്തിനെക്കാളും മെച്ചമായി കണ്ടിട്ടാകാം. സുവിശേഷവേല ചെയ്തിട്ട് പ്രതിഫലം പററുന്നത് പാപമാണല്ലോ. കലികാലമെന്നല്ലാതെ എന്തു പറയാൻ.

◆ കഴിഞ്ഞ കുമ്പനാട് കൺവെൻഷനിൽ ഒരു പ്രസംഗകൻ 20 വർഷം മുമ്പ് പ്രസംഗിച്ച വിഷയം പ്രസംഗിച്ചുപോലും!!!

പ്രസംഗിക്കുന്നവർക്ക് നാണമില്ലെങ്കിലും കേൾക്കുന്നവർക്ക് നാണമുണ്ടെന്നെങ്കിലും പ്രസംഗി ഓർക്കണമായിരുന്നു.

◆ നൂറു വർഷം പഴക്കമുള്ള തൃശിവപേരൂരിലെ ഒരു സഭയുടെ ശവമഞ്ചം ചിലർ മോഷ്ടിച്ചുകൊണ്ടുപോയിപോലും!!!

പലകള്ളൻമാരെക്കുറിച്ചും കേട്ടിട്ടുണ്ട്. പക്ഷേ ലോക ചരിത്രത്തിൽ ആദ്യമായാണ് 'ശവമഞ്ച' കള്ളൻമാരെക്കുറിച്ച് കേൾക്കുന്നത്. (SP)

## പറയാതെ വയ്യ

ഇന്നു നമ്മുടെയിടയിൽ പരസ്യ പ്രവർത്തനങ്ങളെക്കാളും സഭയ്ക്കകത്തുള്ള പ്രവർത്തനങ്ങളാണ് കൂടുതലായി നടക്കുന്നത്. അതായത് വിശ്വാസികൾക്കുവേണ്ടി മാത്രം. പലരും സുവിശേഷീകരണത്തിന്റെ പേരും പറഞ്ഞ് മുതലക്കണ്ണീർ ഒഴുക്കുന്നവരാണ്. പ്രായോഗികമായി ഒന്നും ചെയ്യാത്തവർ. ചെയ്യുന്നവർ മുഖം നോക്കിയും. സ്ഥലം സഭകൾ രൂപം പ്രാപിക്കണമെന്നോ, സുവിശേഷീകരണത്തിനു മുൻതൂക്കം കൊടുക്കണമെന്നോ ഇവർക്കാഗ്രഹമില്ല.

ഇത് മുതലെടുക്കുന്ന ഒരു പററം വിരുതൻമാരായ സുവിശേഷകൻമാർ നമ്മുടെയിടയിലുണ്ട്. സ്വദേശ വിദേശങ്ങളിലുള്ള ചില അച്ചായൻമാരും സാറൻമാരും ഇവരുടെ പോക്കററിലാണ്. ഇവർ പറയുന്നതേ അവർ കേൾക്കയുള്ളു. അതനുസരിച്ച് മാത്രമെ അവർ പ്രവർത്തിക്കുകയുള്ളു. ചില സുവിശേഷകൻമാർ ചില അച്ചായൻമാരുടെ കൂടെ ഗൈഡായി നടക്കും. ഇതും അവരുടെ ഒരു തരം വേലതന്നെ. എല്ലാം ആ നസറായന്റെ നാമത്തിൽ... (നാഥാൻ)

# Admission Started

# Gujarat Brethren Bible Institute

Estd.2002. (The Only Brethren Bible Training Institute of Gujarat)

**GBBI Offers the following Courses (2011)**

(10th batch)

1.One Year Certificate Course (C.Th)

2. Two Year course (Diploma in Theology (Dip.in.Th)
(Medium- Hindi & English)

(Those who bear good testimony at their local Assembly can apply)

## Special Features:

(1) Free boarding and Lodging

(2) Well experienced Faculties.

(3).Language Studies.

(4).Systamatic Teaching .

(5) Well Furnished Class Rooms & Accommodation.

(6). Good quality food.


(7).Training in basic computer etc.

**Next batch will commence from 1st June 2011**


Please write immediately for Application Form.

Gujarat Brethen Bible nstitute
Plot.No.147,Sector.7
Gandhidham. 370201.Kutch.Gujarat.
Ph. 02836-224763, 226951.
(M) 09825169406.e-mail: simonpayyanur@sancharnet.in





# ഗാനക്വിസ്. 131



ആർക്കും പങ്കെടുക്കാം. താഴെ എഴുതിയിരിക്കുന്ന ഗാനത്തിന്റെ തുടക്കം ഏത്? ഗാനരചയിതാവ് ആര്? ഗാനം ആത്മീയ ഗീതത്തിലുള്ളതാണ്. ഉത്തരങ്ങൾ ഫെബ്രുവരി 27 നു മുമ്പ് എഡിററുടെ വിലാസത്തിൽ അയക്കുക.

**ഗാനം. ശക്തി സുഖം ധനം എല്ലാം സർവ്വ-**
**ശക്തൻ നിന്നെ വിളിച്ചിടുന്ന കാലം...**

**ഗാനക്വിസ് 129-ന്റെ ഉത്തരവും വിജയികളുടെ പേരുകളും...**

**ഇനിയെങ്ങനെയീ ഭൂവാസം**
**തുടർന്നിടുമെന്തു പ്രയാസം..**
**രചയിതാവ്:-ററി.കെ.ശാമുവേൽ**

1. M..V.Samuel-Tiruvalla
2. Thankamma Varghese-Edayaranmula
3.Kunjamma Benny Pathanapuram
4.V.C.Samuel-Cochin
5.John Mathai-Bangalore
6.Lilly Paulose-Secundrabad
7.Annamma Mathew-Pathanapuram
8.Mariamma Thomas-Kunnamthanam
9.Victoria George-Trichur
10.Saramma Samuel-Eraviperoor
11.Jolly Samuel-Cochin
12.Thomas.T.George-Mylapra
13.Maggi Simon -Peramangalm
14.Thankamma Mathew-Pulamon
15.John Benjamin-Chepra

## 24-ാം വർഷത്തിലേക്ക്

ഈ ലേഖകനും കുടുംബവും കർത്താവിന്റെ വേലയോടുള്ള ബന്ധത്തിൽ ഗുജറാത്തിലെ ഗാന്ധിധാമിൽ വന്നിട്ട് 23 വർഷം തികഞ്ഞ് 24-ാം വർഷത്തിലേക്ക് കടന്നിരിക്കുന്നു. ദൈവം ഏല്പിച്ച വിവിധ ശുശ്രൂഷകൾ ഇതുവരെയും എളിയ നിലയിൽ ചെയ്തുവരുന്നു. സ്ഥലം സഭയുടെ പ്രവർത്തനങ്ങളെ കൂടാതെ ബൈബിൾ ഇൻസ്റ്റിററ്യൂട്ട്, മാസികാ പ്രവർത്തനം, ഗ്രാമ പ്രവർത്തനം തുടങ്ങിയവയും നടക്കുന്നു. ഞങ്ങളെ പ്രാർത്ഥനയിൽ ഓർക്കയും പ്രോത്സാഹിപ്പിക്കയും സഹായ സഹകരണങ്ങൾ ചെയ്കയും ചെയ്ത എല്ലാ സഹോദരീ സഹോദരൻമാരോടും സഭകളോടും ഞങ്ങളുടെ നിസ്സീമമായ നന്ദി അറിയിക്കുന്നു. തുടർന്നും ഫലകരമായ ശുശ്രൂഷ തുടരുവാൻ നിങ്ങളുടെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

(സൈമൺ പയ്യന്നൂർ)

ഉത്തരേന്ത്യയിൽ നിന്നുള്ള ഒരു മലയാള
ബ്രദറൺ പ്രസിദ്ധീകരണം

# Happy Voice - സന്തോഷധ്വനി



**Chief Editor:**

**SIMON PAYYANUR**
Tel & Fax .02836-224763(o)
Tel:02836-226951(R)
Mobile: 9825169406.
E-mail:-
simonpayyanur@sancharnet.in

**Editors:**

**P.V.JOSE** - Jaipur
Tel & Fax: 0141-2291425
mail:micaps@sify.com

**E.S.THOMAS**-Edayaranmula
Ph. 09995715708
email:
titusgilead@gmail.com

**Representatives:-**

**Dubai**
M.O.Issac
00971-50-1413186

**USA**
M.Joy Joseph-Chicago
Tel- 08476374906


**Annual Subscription;-**

| | | |
|---|---|---|
| India | Rs. | 50.00 |
| Gulf | Rs. | 500.00 |
| USA | $ | 25 |

**Please Mail :-**

Articles, Letters, Subscription, Contribution to;

SIMON PAYYANUR
Happy Voice
Plot.No.147,Sector.7
Gandhidham.370201.
Kutch.Gujarat.

Tel & Fax:- 02836-224763 (O)
Tel:-02836-226951(R)
Mobile: 9825169406.
email:simonpayyanur@sancharnet.in

## ശ്രദ്ധിക്കുക

- ഹാപ്പിവോയ്സ് എല്ലാ മാസവും ഒന്നാംതീയതി പ്രസിദ്ധീകരിക്കുന്നു.
- വരിസംഖ്യ കുടിശിഖ അയച്ചു പ്രവർത്തനത്തെ സഹായിക്കുക.
- വിലാസമാററം യഥാസമയം അറിയിക്കുക.

# Gujarat Brethren Bible Institute News

ജി.ബി.ബി.ഐ യുടെ ഒരു വർഷ കോഴ്സിന്റെ 9-ാമ ത്തെ ബാച്ചിന്റെ പ്രവർത്തനം എട്ടാം മാസത്തിലേക്ക് കടന്നിരിക്കുന്നു. കഴിഞ്ഞ മാസം ബ്രദർ. ജോൺസൺ ബേബി-ന്യൂഡൽഹി ഭാവി കാല ശാസ്ത്രവും ബ്രദർ. ബിജു മാത്യു-കല്ലിശേരി പരിശുദ്ധാ ത്മ ശാസ്ത്രവും,ബ്രദർ. സൈമൺ പയ്യന്നൂർ - ലേവ്യാ പുസ്തകവും പഠിപ്പിച്ചു.

തികച്ചും വിശ്വാസത്താൽ നടക്കുന്ന ഈ ഇൻസ്റ്റിററ്യൂട്ടിനുവേണ്ടി ദൈവജനങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥി ക്കുന്നു. വിലാസം.

Gujarat Brethren Bible Institute
Plot.No.147,Sector.7
Gandhidham.370201.
Kutch.Gujarat.

# GRADUATION CEREMONY

## GBBI 9th Batch

PRAY...PRAY

**Place:**

GBBI Campus

**Date:**

27th March

**Chief Guest:**

Bro.R.P.Samuel-New Delhi